Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV/(N)/12/2009-2011

KERALA GAZETTE

കേരള ഗസറ്റ്

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIV
വാല്യം 54
THIRUVANANTHAPURAM, TUESDAY
തിരുവനന്തപുരം, ചൊവ്വ
20th January 2009
2009 ജനുവരി 20
30th Pousha 1930
1930 പൌഷം 30
No. 3
നമ്പർ 3

PART III

Police Department

ലേലപ്പരസ്യം

നമ്പർ ഇ1/13591/2008/റി. 2009 ജനുവരി 1.

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ മുൻപ് എ. ആർ. ക്യാമ്പ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത്, നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലേക്കായി പുതുതായി അനുവദിച്ച കെട്ടിടം പണിയുന്ന സ്ഥലത്തിനുചുറ്റും കെട്ടിടം പണിക്ക് തടസ്സമായി നിൽക്കുന്ന താഴെ പറയുന്ന പതിനഞ്ച് വൃക്ഷങ്ങൾ 31-1-2009-ാം തീയതി പകൽ 11 മണിക്ക് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ പരിസരത്തുവച്ച് പരസ്യമായി ലേലംചെയ്തുകൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം
1	തെങ്ങ്	4
2	പ്ലാവ്	5
3	മാവ്	1
4	ഞാവൽ	3
5	പെൽറ്റാഫോറം	1
6	ബദാം	1
	ആകെ	15

പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരതദ്രവ്യമായ 3,500 (മൂവായിരത്തി അഞ്ഞൂറ്) രൂപ കെട്ടിവയ്ക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുത്ത് ടി മരങ്ങൾ വാങ്ങാനുദ്ദേശിക്കുന്നവർക്ക് നേരിട്ടോ തപാൽ മുഖേനയോ സീൽചെയ്ത ദർഘാസുകൾ 30-1-2009-ാം തീയതി വൈകുന്നേരം 4 മണിക്ക് മുമ്പ് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ലഭിക്കത്തക്കവിധം നൽകാവുന്നതാണ്. ദർഘാസുകൾക്കൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിനുശേഷം ലേലത്തിൽ സംബന്ധിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും യുക്തമെന്നു തോന്നുന്നപക്ഷം ലേലം വിളിച്ച തുക/ദർഘാസ് തുക ഏതാണോ കൂടുതൽ ആ തുകയ്ക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ (നികുതി ഉൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേല സ്ഥലത്തുവച്ച് അടയ്ക്കേണ്ടതും ബാക്കി തുക (നികുതി ഉൾപ്പെടെ) ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 5 ദിവസത്തിന് ഉള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേല/ദർഘാസ് പ്രകാരം ലഭിച്ച മരങ്ങൾ മുറിച്ചു നീക്കേണ്ടതുമാണ്. മേൽ പറഞ്ഞ നിബന്ധനകൾ ലേലം/ദർഘാസ് കൊണ്ട ആൾ ലംഘിക്കുകയാണെങ്കിൽ ടിയാന്റെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്തു കൊടുക്കുന്നതുമായിരിക്കും. പുനർലേലത്തിൽ മുൻതുകയേക്കാൾ കൂടിയ തുക ലഭിച്ചാൽ അതിന്മേൽ ടിയാന് അവകാശം

ഉണ്ടായിരിക്കുന്നതല്ല. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കും.

യാതൊരു കാരണവും കൂടാതെ ഈ പരസ്യപ്രകാരമുള്ള ലേലം അസ്ഥിരപ്പെടുത്തുന്നതിനും, റദ്ദാക്കുന്നതിനുമുള്ള പൂർണ്ണ അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)

ജില്ലാ പോലീസ് ആഫീസ്,
തിരുവനന്തപുരം റൂറൽ.

ജില്ലാ പോലീസ്
സൂപ്രണ്ട്.

ലേലപ്പരസ്യം

നമ്പർ ജി.2-24027/2008/വ. 2008 ഡിസംബർ 24.

വയനാട് ജില്ലയിലെ ബത്തേരി താലൂക്കിലെ പുൽപ്പള്ളി വില്ലേജിൽ റീസർവ്വെ നമ്പർ 584/22, 585/03-ൽപ്പെട്ട പോലീസ് വക സ്ഥലത്ത് പുൽപ്പള്ളി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിലനിൽപ്പിന് അപകടകരമാംവിധം വളർന്നു നിൽക്കുന്ന 5 മരങ്ങൾ (1 മട്ടി, 2 പ്ലാവ്, 2 സിൽവർ ഓക്ക്) 29-1-2009-ാം തീയതി രാവിലെ 11 മണിക്ക് പുൽപ്പള്ളി പോലീസ് സർക്കിൾ ഓഫീസ് പരിസരത്തുവച്ച് പരസ്യമായി ലേലംചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

നിബന്ധനകൾ

1. ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ 1,000 രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്.

2. ലേലം തുടങ്ങുന്നതിനുമുമ്പായി സീൽ ചെയ്ത കവറിൽ വെള്ളക്കടലാസിൽ ടെണ്ടർ, ബോർഡ് ചെയർമാന് നൽകാവുന്നതാണ്. ലേലം നടന്നതിന് ശേഷം ലേലമോ ടെണ്ടറോ ഏതാണ് കൂടുതൽ തുക എന്ന് നോക്കി കൂടിയ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതും ലേലം കൊണ്ടയാൾ ലേലത്തുകയുടെ പകുതി അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്.

3. ലേലം ഉറപ്പിച്ചെന്ന് രേഖാമൂലം ഈ ആഫീസിൽ നിന്ന് ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ലേല സംഖ്യയുടെ ബാക്കി തുകയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വിൽപ്പന നികുതിയും അടച്ച് സ്വന്തം ചെലവിൽ ടി മരങ്ങൾ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്.

4. മുകളിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവൃത്തിക്കുകയാണെങ്കിൽ ടിയാന്റെ നിരതദ്രവ്യവും അടച്ച ലേലത്തുകയുടെ പകുതിയും സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ പ്രസ്തുത നഷ്ടം ആദ്യം ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതായിരിക്കും.

5. ലേലം കഴിഞ്ഞയുടനെ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടേതൊഴികെ മടക്കി നൽകുന്നതാണ്.

6. ലേലം നടത്തുവാൻ ഉദ്ദേശിക്കുന്ന മരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ മാനന്തവാടി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ അനുമതിയോടെ രാവിലെ 10 മണിക്കും വൈകുന്നേരം 5 മണിക്കും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്.

7. യാതൊരു കാരണവും കാണിക്കാതെ ലേലദിവസം മാറ്റിവയ്ക്കുന്നതിനും, ലേലം നിർത്തിവെയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനും വയനാട് ജില്ലാ പോലീസ് സൂപ്രണ്ടിന് അധികാരമുണ്ടായിരിക്കുന്നതാണ്.

ജില്ലാ പോലീസ് ഓഫീസ്,
വയനാട്,
കൽപ്പറ്റ നോർത്ത്.

(ഒപ്പ്)
ജില്ലാ പോലീസ്
സൂപ്രണ്ട്.